# ക്യാബിനറ്റ് തീരുമാനം 29-06-2016.

## ധവളപത്രം.

സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രത്തിന്റെ കരട് മന്ത്രിസഭായോഗം അംഗീകരിച്ചു. സാമ്പത്തിക പ്രതിസന്ധി മറികട ക്കാനുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ധവളപത്രം നിയമസഭയിൽ വെയ്ക്കാനും തീരുമാനിച്ചു.

## നാലു സ്കൂളുകൾ ഏറ്റെടുക്കും.

കോടതിവിധി പ്രകാരം അടച്ചുപൂട്ടപ്പെട്ട നാലു സ്കൂളുകൾ സർക്കാർ ഏറ്റെ ടുക്കും. എ.യു.പി.എസ്, മലാപ്പറമ്പ്, കോഴിക്കോട്;.എ.യു.പി.എസ്, പാലോട്ട് കോഴിക്കോട്; പി.എം.എൽ.പി.എസ്, വേളൂർ, തൃശ്ശൂർ; എ.എം.എൽ.പി. എസ്, മങ്ങാട്ടുമുറി, മലപ്പുറം എന്നിവയാണ് സ്കൂളുകൾ

## നിയമിച്ചു

അഡ്വ. ജി. പ്രകാശിനെ സുപ്രീം കോടതി സ്റ്റാന്റിങ്ങ് കൗൺസലായി നിയമി ക്കാൻ തീരുമാനിച്ചു.

## ധനസഹായം

- മലപ്പുറം പാലച്ചിറമേട് വാഹാനാപകടത്തിൽ മരിച്ചവരുടെ കുടും ബങ്ങൾക്ക് രണ്ടു ലക്ഷം രൂപാ വീതവും, പരിക്കേറ്റവർക്ക് അമ്പതിനാ യിരം രൂപാ വീതവും ധനസഹായം നൽകാൻ തീരുമാനിച്ചു.
- കരമന ദേശീയപാതയിൽ കുഴിയിൽ വീണ് മരിച്ച തിരുവനന്തപുരം വെങ്ങാനൂർ സ്വദേശി പ്രകാശിന്റെ ഭാര്യയ്ക്ക് ജോലിയും അഞ്ചു ലക്ഷം രൂപാ ധനസഹായവും നൽകാൻ തീരുമാനിച്ചു.
- ചികിത്സയിൽ കഴിയുന്ന മുൻ എം.എൽ.എ കെ.സി. കുഞ്ഞിരാമന്റെ വെല്ലൂർ ആശുപത്രിയിലെ ചികിത്സാചെലവ് പൂർണ്ണമായും സർക്കാർ വഹിക്കും.
- മുണ്ടക്കയത്ത് ഓട്ടോറിക്ഷ മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ച മാധ്യമപ്രവർത്തകൻ സനൽ ഫിലിപ്പിന്റെ കുടുംബത്തിന് രണ്ടു ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു.
- നെടുമങ്ങാട് സ്വദേശി രാജന്റെ മകൻ ലിനു രാജന്റെ കരൾമാറ്റ ശസ്ത്രക്രിയക്ക് അഞ്ചു ലക്ഷം രൂപ ധനസഹായം നൽകും.

## സേവന കാലാവധി അവസാനിപ്പിക്കും

സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനി, ബോർഡ്, കോർപ്പറേ ഷൻ എന്നിവയിലെ അനൗദ്യോഗിക അംഗങ്ങളുടെ സേവനം നിയമാനു സൃതമായി അവസാനിപ്പിക്കാൻ തീരുമാനിച്ചു. ഔദ്യോഗിക അംഗങ്ങൾ കാലാവധി തീരുന്നതുവരെ തുടരും.